Prot.No.

പ്രിയ വൈദികരേ,സഹോദരി സഹോദരന്മാരേ,

രണ്ടു കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുവാനാണ് ഈ സന്ദേശം എഴുതുന്നത്.

1. ദൈവമാതാവായ പരിശുദ്ധ അമ്മയുടെ ജനന തിരുന്നാൾ സെപ്റ്റംബർ 8–ാം തിയതി വെള്ളിയാഴ്ചയാണല്ലോ. നമ്മുടെ സഭയിൽ പരമ്പരാഗതമായി എട്ടു നോമ്പ് ആചരണത്തോട് കൂടിയാണ് നമ്മൾ ഈ തിരുന്നാൾ ആചരിക്കുന്നത്. സെപ്റ്റംബർ 1–ാം തിയതി മുതലാണ് എട്ടു നോമ്പ് ആരംഭിക്കുന്നത്. നമ്മുടെ ഇടവകകളിലും സമൂഹങ്ങളിലും ഉചിതമായ വിധത്തിൽ എട്ടു നോമ്പ് ആചരണവും പരിശുദ്ധ അമ്മയുടെ പിറവിത്തിരുന്നാളും ആഘോഷിക്കണമെന്ന് നിങ്ങളെ അനുസ്മരിപ്പിക്കുന്നു.

2. സെപ്റ്റംബർ 3–ാം തിയതി ഞായറാഴ്ചയാണല്ലോ 'ഫാദേഴ്സ് ഡെ' ആചരണം. അന്നേ ദിവസം നമ്മുടെ ഓരോരുത്തരുടെയും മാതാപിതാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയും അവർ വഴി ലഭിച്ച നന്മകൾക്ക് ദൈവത്തിന് നന്ദി പറയുകയും ചെയ്യുമല്ലോ. നമ്മുടെ രൂപതയിൽ അജപാലന ശുശ്രൂഷചെയ്യുന്ന ബഹുമാനപ്പെട്ട അച്ചന്മാർക്കുവേണ്ടിയും അന്നേദിവസം പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അവർ നമ്മുടെ അദ്ധ്യാത്മിക പിതാക്കന്മാരണല്ലോ. നമ്മുടെ രൂപതയിലെ വിവിധ സമിതികളിൽ എടുത്ത തീരുമാനപ്രകാരം അന്ന് പള്ളിയിലെടുക്കുന്ന പ്രത്യേക Collection നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട അച്ചന്മാർക്കുവേണ്ടിയുള്ള Welfare Fund ലേക്ക് ഉദ്ദേശിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട അച്ചന്മാരുടെ ചികിത്സക്കും പ്രത്യേക ആവശ്യങ്ങൾക്കും ഒക്കെ വേണ്ടിയുള്ളതാണ് ഈ ഫണ്ട്. നിങ്ങൾ ഔദാര്യപൂർവ്വം ഈ ഉദ്ദേശത്തിനായി സെപ്റ്റംബർ 3–ാം തിയതി ഞായറാഴ്ച പ്രത്യേക Collection ലേക്ക് സംഭാവന ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

പരിശുദ്ധ അമ്മയുടെ പിറവിത്തിരുന്നാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം,

**+ബിഷപ്പ്ബോസ്കോ പുത്തൂർ** **2017 ആഗസ്റ്റ് 25**

NB: ഈ സർക്കുലർ ആഗസ്റ്റ് 27–ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.